

THURSDAY 02-03-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/03/2023.

1. 2023 ഫെബ്രുവരി 25 മുതൽ തിരുവനന്തപുരം ജില്ലയിലെ പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിച്ച 'വൈഗ 2023' എന്ന ബൃഹത് സംരംഭകത്വ വികസന പരിപാടി ഇന്ന് (02.03.2023) സമാപിക്കുകയാണ്. സംരംഭകരുടെയും ശാസ്ത്രജ്ഞരുടെയും കർഷകരുടെയും നവാഗതരുടെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തം കൊണ്ട് വൈഗയുടെ ഈ ആറാമത് പതിപ്പും ചരിത്രം കുറിച്ചിരിക്കുകയാണ്. സംരംഭകരുടെയും നവാഗതരുടെയും ആശയങ്ങളെ വായ്പാ ബന്ധിതമാക്കുന്നതിനുതകുന്ന, ബാങ്കുകളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഡി. പി. ആർ. ക്ലിനിക്, കേരളത്തിന്റെ പരമ്പരാഗത ഉത്പന്നങ്ങൾ, ഭൗമ സൂചക പദവി ലഭിച്ച ഉത്പന്നങ്ങൾ, സംസ്കരിച്ച മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനുള്ള B2B മീറ്റ് എന്നിവ വൈഗ 2023 ന്റെ മുഖമുദ്രകളായിരുന്നു. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഉപയുക്തമായ രീതിയിൽ സംഘടിപ്പിച്ച അഗ്രിഹാക്കും വൈഗ 2023 ലെ പ്രമുഖ പരിപാടിയായിരുന്നു. കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, വിജയഗാഥകൾ, ഭൗമസൂചകങ്ങൾ എന്നിവ പരിചയപ്പെടുത്തുന്ന 250ലേറെ സ്റ്റാളുകൾ, ആശയ സമ്പന്നമായ സെമിനാറുകൾ എന്നിവ എടുത്തുപറയത്തക്ക പ്രത്യേകതകളായിരുന്നു. ഇന്ന് വൈകുന്നേരം 4.00 മണിക്ക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ സമാപന സമ്മേളത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. പ്രസ്തുത പരിപാടിയിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഗതാഗത വകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു, റവന്യൂ-ഹൗസിംഗ് വകുപ്പ് മന്ത്രി കെ.രാജൻ, തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്, പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി അഡ്വ. വി. ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, പൊതുമരാമത്ത് & വിനോദസഞ്ചാര വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ്, തുറമുഖ, മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ,. കേരള നിയമസഭ ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, തിരുവനന്തപുരം മേയർ, എം.പി. മാർ, എം.എൽ.എ. മാർ, ജില്ലാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പഞ്ചായത്ത് പ്രസിഡന്റ്, ഡപ്യൂട്ടി മേയർ, മറ്റ് ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നതാണ്.

2. കൃഷിവകുപ്പിന്റെ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ''കേരൾ അഗ്രോ'' എന്ന ബ്രാൻഡ് നാമത്തിൽ ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുന്നു. ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ പ്ലാറ്റ്ഫോമുകൾ വഴി ഭാരതം മുഴുവൻ ലഭിക്കത്തക്ക രീതിയിൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തും. ഈ പദ്ധതിയിൽ ആദ്യം സർക്കാർ ഫാമുകൾ മാത്രമാണ് ആവിഷ്കരിച്ചിരുന്നത്. തുടർന്ന് എസ് ബി സി എൽ മണ്ണുത്തി, സ്റ്റേറ്റ് ബയോ കട്രോൾ ലാബ് തിരുവനന്തപുരം, ഹോർട്ടികോർപ് - മൂന്നാറിലേയും മാവേലിക്കരയിലെയും യൂണിറ്റുകൾ, എസ് എഫ് എസിയുടെ കീഴിലുള്ള FPCs/FPOs, കൃഷിഭവനകളുടെ കീഴിലുള്ള സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.. ഇതുവരെ കൃഷിവകുപ്പ് ഫാമുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 64 ഉൽപ്പന്നങ്ങൾ ഇതുവരെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. 24 സർക്കാർ ഫാമുകൾ വിവിധതരം ഉൽപ്പന്നങ്ങൾ, പച്ചക്കറി, വിത്ത്, പഴവർഗ്ഗ ലേയർ/ ഗ്രാഫ്റ്റ്, കുരുമുളക് ഗ്രാഫ്റ്റ്/ വേര് പിടിപ്പിച്ച തൈകൾ, ഔഷധ സസ്യങ്ങൾ, ജൈവവളങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് ഓൺലൈൻ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്.

3. തിരുവനന്തപുരം നഗരസഭ പരിധിയിലെ തെരുവ് നായ്ക്കളുടെ പേവിഷബാധ, വംശവർദ്ധനവ് എന്നിവ നിയന്ത്രിക്കുന്നതിനായി തെരുവ് നായ്ക്കളുടെ ലൈൻസസ് ആനിമൽ ബർത്ത് കൺട്രോൾ സർജറികൾ, പേവിഷ പ്രതിരോധ പ്രവർത്തനങ്ങൾ തെരുവ് നായ്ക്കളുടെ വാക്സിനേഷൻ എന്നിവ ഏകോപിപ്പിച്ചു കൊണ്ട് റാബീസ് ഫ്രീ തിരുവനന്തപുരം എന്ന പദ്ധതി നടപ്പിലാക്കുകയാണ്. തിരുവനന്തപുരം നഗരസഭയും സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കംപാഷൻ ഫോർ ആനിമൽ വെൽഫെയർ അസോസിയേഷൻ (കാവയും) ചേർന്ന് ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹോദര സ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് ഹൈദരബാദിന്റെ സഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം എസ്.പി ഗ്രാന്റ് ഡെയ്സിൽ വെച്ച് മേയർ ആര്യ രാജേന്ദ്രൻ. എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു.

2. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ **യന്ത്രങ്ങൾ ഉപയോഗിച്ച് തെങ്ങ് കയറ്റത്തിനുള്ള പരിശീലനം** മാർച്ച് നാലിന് സംഘടിപ്പിക്കുന്നു പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **6282937809, 0466 2912008, 2212279** എന്നി ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

3. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിടക്കോഴികുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻ കോഴികുഞ്ഞുങ്ങളെ 5 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ മുട്ട സർക്കാർ നിരക്കിൽ തിങ്കൾ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്) ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട് .നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വൈബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

5. റബ്ബറിന്റെ നടീൽവസ്തുക്കളെക്കുറിച്ചും ഗുണമേന്മയുള്ള തൈകൾ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. റബ്ബർബോർഡിലെ ശാസ്ത്രജ്ഞൻ ഡോ. വിനോദ് തോമസ് കർഷകരുടെ ചോദ്യങ്ങൾക്ക് 2023 മാർച്ച് 02 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

**കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വേനൽക്കാലത്ത് മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് ബാഷ്പീകരണ തോത് കുറയ്ക്കാനും ജല ആഗിരണ ശേഷി വർധിപ്പിക്കുന്നതിനും സഹായിക്കും. കാർഷികവിളകൾക്ക് കൃത്യമായ ഇടവേളകളിൽ ജലസേചനം ഉറപ്പാക്കുക. ജൈവ വസ്തുക്കൾ ഉപയോഗിച്ച് വിളകളുടെ ചുവട്ടിൽ പുതയിടീൽ അനുവർത്തിക്കുക. ചകിരി ചോർ കമ്പോസ്റ്റിന്റെ ഉപയോഗവും ഈർപ്പം പിടിച്ച് നിർത്താൻ സഹായകമാണ്. വൃക്ഷ തൈകൾ, പച്ചക്കറി തൈകൾ തുടങ്ങിയവയ്ക്ക് തെങ്ങോല ഉപയോഗിച്ച് തണൽ നൽകുക റബ്ബർ,കവുങ്ങ്, തെങ്ങ് തുടങ്ങിയ വൃക്ഷ വിളകളുടെ തായ്തടിയിൽ കുമ്മായം പൂശി സൂര്യാഘാതത്തിൽ നിന്നും സംരക്ഷിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം